"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- കോഴിക്കോട് മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം പി.ജി. വിദ്യാർഥികൾ സമർപ്പിച്ച പരാതിയെ തുടർന്നുള്ള അന്വേഷണ റിപ്പോർട്ട് - തുടർ നടപടി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1885/2026/H&FWD തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 25/05/2026-ലെ കെ 5-3391/2026/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അധ്യാപകരിൽനിന്നും മാനസിക പീഡനം, ഭീഷണിപ്പെടുത്തൽ, അപമാനകരമായ പെരുമാറ്റം എന്നിവ നേരിടുന്നതായി ചൂണ്ടിക്കാട്ടി പി.ജി വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മുതിർന്ന ഫാക്കൽറ്റിയെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി..

2) .പ്രസ്തുത വിഭാഗത്തിലെ അദ്ധ്യാപകരെയും പി ജി വിദ്യാർത്ഥികളെയും നേരിൽ കേട്ട് വിദഗ്ധ സമിതി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ആരോപണ വിധേയരായ അധ്യാപകരുടെ പെരുമാറ്റം വിദ്യാർത്ഥികൾക്ക് ഗുരുതരമായ മാനസിക ബുദ്ധിമുട്ടും അപമാനവും സൃഷ്ടിച്ചതായി നിരീക്ഷിച്ചിട്ടുള്ളതും, പി.ജി. വിദ്യാർത്ഥികളുടെ പരിശീലനത്തിനും അക്കാദമിക് അന്തരീക്ഷത്തിനും പ്രതികൂലമായ സാഹചര്യം നിലനിൽക്കുന്നതായും കണ്ടെത്തിയിട്ടുള്ളതുമാണ്. നിലവിലെ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ താത്പര്യവും പരിശീലനത്തിന്റെ സുഗമമായ നടത്തിപ്പും സംരക്ഷിക്കുന്നതിനായി ബന്ധപ്പെട്ട അധ്യാപകരെ പി.ജി. പരിശീലനം നിലവിലില്ലാത്ത കോന്നി / ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് മാറ്റി നിയമിക്കുന്നത് ഉചിതമാണെന്നും വിദഗ്ധ സമിതി ശിപാർശ ചെയ്തിരുന്നു.

3).വിദഗ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ ആരോപണ വിധേയരായ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അധ്യാപകരെ കോന്നി , ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് ശിപാർശ ചെയ്തിരുന്നതെങ്കിലും, എന്നാൽ പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അനുയോജ്യമായ ഒഴിവുകൾ നിലവിലില്ലെന്ന് കാണുകയുണ്ടായി.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

i) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസ്സർ (പ്രൊവിഷണൽ) ഡോ. അനിതാ കുമാരി അയിരോളിമീത്തൽ -നെയും ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാടി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ (പ്രൊവിഷണൽ) ഡോ.മിലി ബാബുവിനെയും പരസ്പരം സ്ഥലംമാറ്റി നിയമിക്കുന്നു .

ii) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാടി വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ. സ്മിത സി.എ. - ക്ക് സ്ഥലംമാറ്റം നൽകി കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

5) മേൽ സ്ഥലം മാറ്റം ഉടൻ പ്രാബല്യത്തിൽ നിലവിൽ വരുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ് കോഴിക്കോട് /ഇടുക്കി/കൊല്ലം
ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് ( ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/104/2026/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V M
Date: 04-06-2026 10:57:14
സെക്ഷൻ ഓഫീസർ

പകർപ്പ് :
ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്